പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 294 09.06.2014-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. പുനഃരുദ്ധാരണ പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. സെൽവരാജ് :<br>" ടി. എൻ. പ്രതാപൻ :<br>" ലൂഡി ലൂയിസ് :<br>" അൻവർ സാദത്ത് : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജിന് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്. കോർപ്പറേഷൻ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. പ്രതിമാസ വരവും - ചെലവും തമ്മിലുള്ള അന്തരം 93 കോടി രൂപയാണ്. ടി പ്രതിസന്ധിയിൽ നിന്നും കോർപ്പറേഷനെ കരകയറ്റി പുനരുദ്ധരിച്ച് ലാഭത്തിന്റെ പാതയിലേയ്ക്ക് നയിക്കുന്നതിനായാണ് പുനരുദ്ധാരണ പാക്കേജിന് രൂപം നൽകിട്ടുള്ളത്. |
| (ബി) | പാക്കേജിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) യും (സി) യും | കോർപ്പറേഷൻ തയ്യാറാക്കിയ പുനരുദ്ധാരണ പാക്കേജിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>വിശദാംശംങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് കെ.എസ്.ആർ.ടി.സി.യെ കരകയറ്റാൻ എന്തെല്ലാം നടപടികളാണ് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ; | | |
| (ഡി) | പാക്കേജ് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | പുനരുദ്ധാരണ പാക്കേജിന് ഭരണാനുമതി ലഭ്യമായ സാഹചര്യത്തിൽ കോർപ്പറേഷന്റെ ആസ്തി മൂല്യ നിർണ്ണയത്തിനായി Varma & Varma Chartered Accountants എന്ന സ്ഥാപനത്തെ നിയോഗിക്കുകയും, മൂല്യ നിർണ്ണയ നടപടികൾ 2014 ജൂലൈ മാസത്തോടുകൂടി പൂർത്തിയാക്കുന്നതുമാണ്. കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നുള്ള |

| | | | |
|---|---|---|---|
| | | | 1,300 കോടി രൂപയുടെ വായ്പാ ബാദ്ധ്യത LIC, SBT തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിലേയ്ക്ക് കുറഞ്ഞ പലിശ നിരക്കും കൂടിയ തിരിച്ചടവ് കാലാവധിയുമുള്ള വായ്പയാക്കി മാറ്റുന്നതിലേക്കായുള്ള ചർച്ചകൾ നടത്തിവരികയാണ്. കോർപ്പറേഷൻ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി പത്ത് VOLVO മൾട്ടി ആക്സിൽ എ.സി. ബസ്സുകൾ വാങ്ങുകയും, അന്തർ സംസ്ഥാന സർവ്വീസ് നടത്തിപ്പിനായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കോർപ്പറേഷന്റെ ബസ്സുകളിൽ GPS/RFID സംവിധാനം നടപ്പാക്കുന്നതിലേക്കായി KELTRON-മായി ചർച്ചകൾ നടത്തിവരികയാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**